ഒയ്കിൽ മാത്രമേ അതിന്റെ അന്വേഷണം അർത്ഥവത്താക്കുകയുള്ളൂ. അതു ചെയ്യാനും ചർച്ച ചെയ്യാനും തയ്യാറില്ലാത്തതായ ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി.)

III ശ്രദ്ധ ക്ഷണിക്കൽ

1 മലപ്പുറം ജില്ലയിൽ ചുഴലിക്കാറ്റും ഉരുൾപൊട്ടലുംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, മലപ്പുറം ജില്ലയിൽ ഏറനാട് നിയോജകമണ്ഡലത്തിൽ ഊറുങ്ങാട്ടിരി പഞ്ചായത്തിൽ ഇക്കഴിഞ്ഞ 20-9-1986-ന് ഉണ്ടായ അതിരൂക്ഷമായ ഉരുൾപൊട്ടൽമൂലവും അതുപോലെതന്നെ 12-10-1986-ന് ഉണ്ടായ ചുഴലിക്കാറ്റ്മൂലവും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് ഗവൺമെന്റ് നൽകാമെന്ന് പറഞ്ഞിരുന്ന സഹായം ലഭിക്കാത്തതിന്റെപേരിൽ അവിടെ ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷത്തിലേക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

സമുദ്രനിരപ്പിൽനിന്നും 1500 അടി ഉയരത്തിലുള്ള ചെക്കുന്നുമലയിൽ അർദ്ധരാത്രിയിൽ ഉരുൾപൊട്ടലുണ്ടായതുമൂലം അവിടത്തെ 250 ഏക്കറോളം സ്ഥലത്തെ കൃഷിയും അതുപോലെതന്നെ 26 വീടുകളും നിശ്ശേഷം തകർന്ന് തരിപ്പണമായിപ്പോയി. അന്നേദിവസം ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി മലപ്പുറം ജില്ലയിൽ ഉണ്ടാവുകയും അവിടത്തെ കൃഷിക്കാർക്കും കൃഷി നശിച്ചവർക്കും വീടു നശിച്ചവർക്കും സഹായധനവും ഭൂമിയും നൽകാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ ഇതുവരെ യാതൊരു സഹായവും അവർക്ക് ലഭിച്ചിട്ടില്ല. ഒരിഞ്ചു ഭൂമിപോലും അവർക്ക് സ്വന്തമായി ഇന്നു ഇല്ലാത്ത സ്ഥിതിക്കു സൗജന്യമായി ഭൂമി നൽകാമെന്നുള്ള ഉറപ്പ് ഗവൺമെന്റ് നൽകിയിരുന്നു. അക്കാര്യം നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സ്വന്തം പണമെടുത്തും അതുപോലെതന്നെ വീടുകളും പണയംവച്ചുകൊണ്ട് ബാങ്കുകളിൽനിന്നും അതുപോലുള്ള മറ്റ് സാമ്പത്തിക സഹായ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ നട്ടെല്ല് ഒടിഞ്ഞിരിക്കുകയാണ്. ഈ ചെറുകിട കൃഷിക്കാർക്ക് അവരുടെ കടത്തിൻമേൽ മൊറൊട്ടോറിയം പ്രഖ്യാപിക്കണമെന്നും ആ ഊറുങ്ങാട്ടിരി പഞ്ചായത്തിൽ റവന്യൂ ഭൂമി ഇല്ലെങ്കിൽ തൊട്ടടുത്തുള്ള പഞ്ചായത്തിൽനിന്നും ഭൂമി അവർക്ക് സൗജന്യമായി നൽകാനുള്ള നടപടിയുണ്ടാകണമെന്നും ഇവിടെ വീടു നശിച്ചിട്ടുള്ള പാവപ്പെട്ട കൃഷിക്കാർക്ക് ഏതെങ്കിലും സ്കീമിലുൾപ്പെടുത്തിക്കൊണ്ട് അവർക്ക് സൗജന്യമായി വീട് നൽകുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയിൽനിന്നും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടെ ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷ വേദിയിൽ മി. ഡെ. സ്പീക്കർ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇക്കഴിഞ്ഞ 12-ാം തീയതിയും 20-ാം തീയതിയും മലപ്പുറം ജില്ലയിലെ ഊറുങ്ങാട്ടിരി പഞ്ചായത്തിൽ ഈ പറയുന്ന മലയിടിച്ചിലും ചുഴലിക്കാറ്റുംമൂലം വളരെയേറെ നാശനഷ്ടങ്ങളുണ്ടായതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ട്. വീടുകളും നശിച്ചിട്ടുണ്ട്, വീടുകളും നശിച്ചിട്ടുള്ളവർക്ക് അടിയന്തിരസഹായം എത്തിച്ചുകൊടുത്തു. എന്നാൽ ആ വീടുകളൊക്കെ വീണ്ടും മാറി പണിയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ഭൂമി നഷ്ടപ്പെട്ടവർ ഉണ്ട്. കൃഷി നഷ്ടപ്പെട്ടവരുണ്ട്. 20-ാം തീയതി ഉണ്ടായ ഉരുൾപൊട്ടൽമൂലം ഒന്നേമുക്കാൽ ലക്ഷം രൂപയുടെ കൃഷിനാശവും 12-ാം തീയതി ഉണ്ടായ മലയിടിച്ചിൽമൂലം ഏതാണ്ട് 3 ലക്ഷം രൂപയുടെ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. ഈ രണ്ടു നഷ്ടങ്ങളും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കേണ്ടത്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻതന്നെ ഈ ആളുകൾക്ക് എല്ലാവർക്കും അർഹതപ്പെട്ട നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഏർപ്പാടുകളും ഉണ്ടാക്കുന്നതും, അതുപോലെതന്നെ ഭൂമി ഇനി റീക്ലയിം ചെയ്യാൻ പറ്റാത്ത നിലയിൽ ഉപയോഗശൂന്യമായി തീർന്നിട്ടുണ്ടെങ്കിൽ അതിനു പകരം ഭൂമി കണ്ടെത്തി ഒരു ചെറിയ തോതിലെങ്കിലും അവർക്ക് സഹായം ചെയ്യാൻ ഒരു ചെറിയ അളവു ഭൂമി അങ്ങനെയുള്ള ആളുകൾക്ക് കൊടുക്കുവാനും ഗവൺമെന്റ് നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : ഭൂമി നഷ്ടപ്പെട്ട് ഒരു കൃഷിയും ചെയ്യാൻ സൗകര്യമില്ലാതെ ആയിത്തീർന്നുവെന്ന് റവന്യൂ ഉദ്യോഗസ്ഥൻമാർ സർക്കാരിലേക്ക് റിപ്പോർട്ടുചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ പഞ്ചായത്തിൽ ഭൂമി ഇല്ലെങ്കിൽ തൊട്ടടുത്തു കിടക്കുന്ന പഞ്ചായത്തിലുള്ള ഭൂമിയെങ്കിലും വിതരണം ചെയ്യുന്നതിന് നടപടികളും സ്വീകരിക്കണം. തൊടുപുഴയിൽനിന്നും അതുപോലെതന്നെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പ്രദേശത്തുനിന്നും കുടിയേറി പാർത്തിട്ടുള്ള കർഷക കുടുംബങ്ങൾക്ക് ഒന്നു തലചായ്ക്കാനും അല്പമെങ്കിലും കൃഷി ചെയ്യുവാനുമുള്ള ഭൂമി കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ് : സർ, ആളാരാണെന്ന് നോക്കിയിട്ടല്ല ഭൂമി കൊടുക്കുന്നത്. ആ നിലയിൽ ഞാൻ ഇവിടെ നേരത്തെ പറഞ്ഞതുപോലെ റീക്ലയിം ചെയ്യാൻ പറ്റാത്ത നിലയിൽ കൃഷിഭൂമി നശിച്ചുപോയിട്ടുണ്ടെങ്കിൽ മാത്രമേ പകരം ഭൂമി നൽകുകയുള്ളൂ. കഴിഞ്ഞവർഷം കോഴിക്കോട് ജില്ലയിൽ ഏതാനും കൃഷിക്കാർക്ക് ഇതുപോലെ പകരം ഭൂമി കൊടുക്കുകയുണ്ടായി. അതുകൊണ്ട് അതുപോലെ ഇവർക്കും ഭൂമി കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(2) നിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, ഈ സംസ്ഥാനത്ത് കൺസ്ട്രക്ഷൻ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിന് അടിയന്തിരമായി ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് ഗവൺമെന്റിന്റെയും വകുപ്പുമന്ത്രിയുടെയും ശ്രദ്ധക്ഷണിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly